വിദ്യാസംഗ്രഹം.

THE COTTAYAM COLLEGE

QUARTERLY MAGAZINE.

മാം ലക്കം.	മകരം. ക്രിസ്തു.	കോം പുസ്തകം.
No. III	JANUARY. 1865.	Vol. I

INDIA IN THE VEDIC ERA.

The investigation of the early condition of a nation, as it existed in ages far remote from any period of authentic history, where there are satisfactory land-marks to guide us, must always have peculiar interest for the inquiring mind. The ordinary sources of such information are to be found in the language, the legends, and indeed all the ancient literature of a country. Owing to the present advanced state of knowledge in the classification of languages, the language of a people will in itself at once shew at least something of the relation in which they stand to other tribes or families of mankind. And in ancient songs and legends, where they exist, we can scarcely fail to meet with allusions to manners and customs, climate, locality, connection with other nations or tribes, and a variety of incidental matter, from which we may often draw most interesting and important conclusions as to what is really of historic value

Now India is peculiarly rich in literature. We may reasonably expect, therefore, that, even in the absence of what is directly and professedly historical, we shall be able to find, bound up in that varied collection of legends and precepts, many allusions of true historical value nevertheless. For instance, when we find, that in the earliest Hindu writings the southern parts of India are not at all mentioned, and the central and eastern parts very rarely, while the north-west portions, the countries

in the neighbourhood of the Indus and the Punjab, are frequently and particularly described, we can scarcely resist the conclusion, that at the time when those writings were composed the Hindus inhabited the north-west of India alone. Thus while the Sindhu (Indus), the Sarasvati, and other north-western rivers, are often mentioned, and invoked, in the Rig-veda, the Gunga (Ganges) is only once mentioned, and the Southern rivers, now so renowned for their sanctity, not at all. Neither is there any mention of the Vindhya mountains in the Rig-veda, though the Himalayas are well known. Let us however first, in the present paper, study the LANGUAGE in which the Vedas were written, and the conclusions that must be drawn on a comparison of the Sanscrit with other languages, leaving more direct historical allusions for some future time.

The researches of modern philologists have enabled them to arrange the different languages of the earth, according to their relation to each other, in several classes. Let us illustrate our meaning by an example near home. It does not require any very acute scholarship to see that the Malayalim and the Tamil for instance are kindred tongues. Compare the following words.

ENGLISH.	TAMIL.	MALAYALIM.
I.	yán.	nyán.
Thou.	ní.	ní.
He.	avan.	awan.
Father.	appan.	appan.
Hand	kei.	kei.
Foot.	kál.	kál.
Eye.	kannu.	kanna.

Here we see the Tamil and Malayalim words are alike. When we consider too that the cases of the noun are almost identical in Tamil and Malayalim, and that the idioms of both languages are very similar, often the same, we readily see a strong relationship between them. What resemblance however can be seen between the form of the Malayalim words above and the corresponding English? None. English belongs to another family of languages altogether.

In the same way we can compare other languages, and class them according to their affinities. And the question we have now to ask is, to what family of languages does the Sanscrit belong? Or is it a language 'sui generis'?

The most recent classification of languages that we have seen is in Lepsius's Standard Alphabet, which we copy just as it stands:—

LITERARY LANGUAGES.

A. Gender-languages.
- I. Japhetic (Indogermanic.)
- II. Semitic.
- III. Hamitic.

B. No-gender languages.
- I. Asiatic.
  - I. Turanic or Tataric.
  - II. Monosyllabic.
  - III. Isolated.
- II. Polynesian or Malayan (Oceanic.)

ILLITERATE LANGUAGES.

- III. Australian or Papuan.
- IV. African.
  - I. Primitive or South African.
  - II. Isolated or Middle African.
- V. American.

Now philologists have found reason to rank Sanscrit as one of the most important of the INDO-GERMANIC, or as they are sometimes called Indo-European, languages; the term indicating that the chief languages of Europe, and the Sanscrit of India, belong to the same family. Lepsius also calls this family Japhetic. The chief languages in this important class are, Sanscrit and its derivatives, Zend (the language of the Zendavesta, the sacred book of the ancient Persians), ancient and modern Greek, Latin, and its derivatives, and different Gothic and Celtic tongues, both ancient and modern, among which English is one. The SEMITIC family comprises Hebrew, Syriac, Arabic, and others. The HAMITIC includes the old Egyptian, the modern Coptic, and the Ethiopian and other African tongues. The TATARIC or TURANIAN family is that to which our own language Malayalim, as well as Tamil, Telugu, and Canarese, belongs. Other branches of this family are the languages spoken in Tatary, and Mongolia.

Let us now return to the Sanscrit, and endeavour to illustrate the reason for its being classed among the Japhetic family of languages. If in two languages we find a great number of roots of words coinciding, we may be sure that they have been derived from a common parent. The following list of words shews a relation between Sanscrit, Zend, Latin and Greek, but none between these and pure Malayalim.

Sanscrit.	Zend.	Greek.	Latin.	Malayalim.
dwi	dwa	duo	duo	രണ്ട്
tri				
tisaras(fem.)	tisaro (fem.)	treis	tres	മൂന്ന്
chatwáras	chathwáro	tessares	quatuor	നാല്

panchan	panchan	pente	quinque	അഞ്ച്
shat	khsvas	hex	sex	ആറ്
saptan	haptan	hepta	septem	ഏഴ്
ashtan	astan	okto	octo	എട്ട്
navan	navan	hennea	novem	ഒമ്പത്
dasan	dasa	deka	decem	പത്ത്
vinsati	visaiti	eikosi	viginti	ഇരുപത്
satam	satem	hekaton	centum	നൂറ്
aham	azem	ego	ego	ഞാൻ
twam	túm	su	tu	നീ
sam		sun	con	കൂടെ
pari		peri	per	പുറം
upari	upairi	huper	super	മേൽ
upa		hupo	sub	കീഴെ
pra		pro	pro	മുൻ
antar		entos	inter	ഇൽ
pitri	paitar	patér	pater	അച്ഛൻ
mátri		metér	mater	അമ്മ
bhrátri	brátar	(phratria)	frater	ആങ്ങള
duhitri	dughdhar	thugatér		മകൾ
náman	náman	onoma	nomen	പേർ
madhu	madhu	methu		തേൻ
deva		theos	deus	
tára	stáre	aster	astrum	
dadámi	dadhámi	didómi	do	കൊടുക്ക
tishthámi	histámi	histémi	sto	നിലൂ
bhú		phuo	fui	ആക

These are a few examples chosen from a list of upwards of five hundred words, which Mr. Muir gives in his Sanscrit Texts, Part II, as common to Sanscrit, Zend, Greek or Latin, or as common to all of them. In very many cases the English word too belongs to the same family, as for instance,

SANSCRIT.	ENGLISH.
dwi	two
tri	three
saptau	seven
navan	nine
bráthri	brother
duhitri dughdhar, Zend	daughter
náman	name
tara stâre, Zend	star.

Hence it is that philologists have classed Sanscrit with Zend, Greek, Latin, and other European languages, under the general term Indo-European, Indo-Germanic, or Japhetic; the latter term being used in contradistinction to Semitic and Hamitic. The reasonableness of this will be seen still more

forcibly, if we examine the Malayalim synonymes also, scarcely one of which bears the least resemblance to the other four. Malayalim belongs to another tribe of languages. So again should we compare Sanserit with any of the Semitic tongues, Hebrew for instance, or Arabic, we should find but few, if any, resemblances.

It is but natural to ask then, when we find languages bearing such strong proofs of relationship, as Zend, Sanscrit, Greek, and Latin, especially when we cannot discern the same relationship between them and other families of languages, how this similarity is to be accounted for. And the conclusion to which we must inevitably come is, that Zend, Sanscrit, Greek, and Latin, are derived from some older language, which now no longer exists. Indeed the four languages of which we are speaking are now, and have long been, themselves what are called *dead* languages; that is, they have long ceased to be *spoken*. And were it not that they have been preserved to us in written characters, all knowledge of them would have been lost long ago, and we should only know from their derivatives that some such languages must at one time have existed. For instance from comparing the Mahratti, Hindi, and Bengali, we should conclude that they were formed from some one older parent. Italian, French, and Spanish would equally tell of a common origin now no longer spoken. Now we do not intend to say that the relation between Sanscrit, Zend, Greek, and Latin, is so close as between the modern Languages of north India, which have their origin in Sanserit; but the relation is still quite ample to warrant the certain conclusion, that they too have been derived from one parent tongue. And the reason why the similarity between these four languages, though sufficiently remarkable, is yet not so complete, as is the similarity between Mahratti, Hindi and Bengali, or Italian, French, and Spanish, for instance, is easily explained. For whereas the tribes in north India, whose languages are derived from the Sanscrit, and the tribes of Europe, whose languages are the offshoots of the Latin, are still in the countries either identical with, or bordering on those, in which their mother tongues were spoken, the ancient Bactrians, the Hindus, the Greeks, and the Latins, were already settled as separate nations in different parts of Europe and Asia, before any of the specimens of their languages, which have been handed down to us, were committed to writing. Language changes continually and rapidly, where writing is not known, from its original type; even the later Sanserit is very different from the older language of the Vedas; so that if different portions of a people once speaking the same tongue were to be separated as widely from each other as the ancient Hindus, Greeks, and Latins

were, and were to remain so far separated for some time, until they formed distinct nations, before we could get a specimen of their language, all experience would warrant us in expecting, that by that time their languages, though still bearing marks of brotherhood, would have become widely different. The only thing that is at all likely to keep language from rapid changes, is a written literature; and even that will not stay the ravages of time. And when a language is not committed to writing at all, we must expect continual and considerable change. And this was the case in the early history of all languages. How far even a written language will change may be illustrated by the following example of the language of Saxon England in the seventh century,

Se this world geseop,
Godes gœst-sunu,
which in modern English is
He this world created
God's Spirit-Son.

In comparing, then, the Sanscrit, Zend, Greek, and Latin tongues, we find that they bear exactly that amount of similitude to each other, coupled at the same time with such differences, as would warrant us in supposing that they all originated from one and the same parent language, at a time considerably before the oldest portions of their literature, which have come down to us, were committed to writing.

We are now driven to another conclusion, which urges itself upon us with increasing force the more we study the languages of which we are speaking, which is, that the ancestors of the ancient Persians, Hindus, Greeks, and Latins, not only at one time spoke the same language, but must also have formed ONE NATION Here then from a comparative study of language we are able to state an historical fact.

Another fact is also brought to light in the comparison of these languages, which is, that since the Zend has a closer affinity to the Sanscrit, than either the Latin or the Greek, the clans, whose languages afterwards assumed the forms which we now call Latin and Greek, migrated from their original seats, before the fathers of the Hindús and the ancient Persians separated. On this subject we give a passage from Professor Müller, quoted by Mr. Muir in his Sanscrit Texts, Part II. page 288:—

"Zend in its grammar and dictionary is nearer to Sanscrit than any other Indo-European language. Many Zend words can be retranslated into Sanscrit simply by changing the Zend into their corresponding forms in Sanscrit.... Where Sanscrit differs in words or grammatical peculiarities from the northern members of the Arian family, it frequently coincides with Zend. The numerals are the same in all these languages up

to 100. The name for thousand, however, (*sahasra*) is peculiar to Sanscrit, and does not occur in any of the Indo-European dialects except in Zend, where it becomes *hazanra*....These facts are full of historical meaning; and with regard to Zend and Sanscrit, they prove that these two languages continued together long after they were separated from the common Indo-European stock."

The next question then that meets us is, where are we to look for the region whence these nations orginally migrated? And the answer undoubtedly is that these primeval seats must have been out of India, and most probably to the north-west. The discussion of this question, however, we must leave for another paper.

ഇരിമ്പുപാദയുടെയും

ആവിവണ്ടിയുടെയും ആരംഭം

(സ്വയം പുറത്ത അവസാനിച്ചതിന്റെ ശേഷം.)

കഴിഞ്ഞ ശതാബ്ദത്തിന്റെ അവസാനത്തിങ്കൽ എം ഗ്ലാണ്ടിലെ കല്ക്കരി എടുക്കുന്ന പ്രദേശങ്ങളിൽ ഇരിമ്പു പാദകളും വണ്ടിപ്പാദകളും സാധാരണമായി സ്വീകരിച്ചു തുടങ്ങി എന്നു കഴിഞ്ഞ ലക്കത്തിൽ തെളിച്ചു പറഞ്ഞുവല്ലൊ. ഇങ്ങനെയുള്ള പാദകൾ കണ്ടുപിടിച്ച ഉപകാരം തെളിച്ചു തരേണ്ടതിന്നു ഒരു വണ്ടി നിറയെ കല്ക്കരിയും കൊണ്ടു പോകുന്നതിന്നു വേണ്ടുന്ന കുതിരകളുടെ എണ്ണവും കൂടെ കൊടുത്തിരുന്നു. ഈ കുതിരകൾ ഒരു പ്രാവശ്യം വലിച്ചു കൊണ്ടുപോകുന്ന ഭാരത്തിന്റെ കൂടെ കുതിരകൾ തന്നെ വലിച്ചു കൊണ്ടുപോകുന്ന ഭാരവും കൂടി ചേർത്തു വണ്ടിയുടെ ഭാരം എന്നു പറഞ്ഞിരുന്നു. ഈ ഭാരത്തിന്റെ കൂടെ കുതിരകൾ തന്നെ വലിച്ചു കൊണ്ടുപോകുന്ന വണ്ടിയുടെ ഭാരവും കൂടി ചേർത്തു വണ്ടിയുടെ ഭാരം എന്നു പറഞ്ഞിരുന്നു. ഈ വണ്ടിയുടെ ഭാരത്തിന്റെ കൂടെ കുതിരകൾ തന്നെ വലിച്ചു കൊണ്ടുപോകുന്ന വണ്ടികളുടെ ഭാരവും കൂടിയ വേഗതയോടെ വലിച്ചു കൊണ്ടുപോകുവാൻ തക്ക ഒരു സഞ്ചാര ആവിസൂത്രം ആരും കണ്ടു പിടിച്ചിട്ടില്ലായിരുന്നു. ഒരു സഞ്ചാര സൂത്രം ഉണ്ടാക്കുന്നതിന്നായിട്ടു കഴിഞ്ഞിട്ടുള്ള ചില ആദ്യ പ്രയത്നങ്ങളെക്കുറിച്ചു മുൻപിൽ പറഞ്ഞിട്ടുണ്ടല്ലൊ. എങ്കിലും അവയിൽ ഒന്നും വളരെ കാലത്തേക്കു സാദ്ധ്യത്തിങ്കൽ വന്നില്ല. സാക്ഷാൽ സംഗല

മായ ആദ്യ ആവിവണ്ടികൾ ഫ്രഞ്ചുകാർ മെയ്ക്കുഷേറിൽ ലീസ്സിൽ വെച്ചു ഉണ്ടാക്കിയവയായിരുന്നു. അവയെ മിഡിലൂനിലെ കല്ക്കരിഖനിയിൽനിന്നു ലീസ്സിലേക്കു എത്തുന്നതായ ഏകദേശം നൽ മൈൽ അകലമുള്ള ഒരു ഇരിമ്പു പാദയിൽ ഓടിച്ചു വന്നു. അവ ആ അടുത്ത പ്രദേശങ്ങളിലെ പ്രധാന വിസ്മയങ്ങളിൽ ഒന്നായി തീരുകയും എല്ലാ ഭാഗങ്ങളിൽനിന്നും അന്വേഷിച്ചു വന്നു കാണുകയും ചെയ്തു. ഫ്രഞ്ചുകാരാമാണ്ടിൽ എഞ്ചിനീയറായി തീർന്ന റുസ്സിയായിലെ നിക്കൊലാസ് എന്ന കീർത്തിപെട്ട പ്രൊഫസ്സർ ആവിവണ്ടികളുടെ പ്രയോഗത്തെ ഗ്രഹിച്ചു അതിശയം കൂറി. ഒരു ആവി സൂത്രം കല്ക്കരി കേററിയ മുപ്പതു വണ്ടികളെ വലിച്ചു കൊണ്ടുപോയി. എന്നാൽ അതിനു ഒരു മണിക്കൂറുകൊണ്ടു ഏകദേശം മൂന്നേകാൽ മൈൽ വഴി ഓടുവാനേ വേഗമുണ്ടായിരുന്നുള്ളു. അതു ഒരു മനുഷ്യനു നടക്കാകുന്നതിലും തുലോം സാവധാനമത്രേ. ആകയാൽ ആവിവണ്ടി വർത്തകലോകത്തിൽ ഇപ്പോഴുള്ള പ്രകാരം മുഖ്യസ്ഥിതിയിൽ ആകുന്നതിനു മുൻപേ വളരെ വേല കഴിച്ചു നന്നാക്കുന്നതു ആവശ്യമായിരുന്നു.

നാം ഇപ്പോൾ കാണുന്ന ഇരിമ്പുപാദകളുടെയും ആവിവണ്ടികളുടെയും കാരണഭ്രതന്റെ പേർ ജോജ്ജ് സ്റ്റീഫെൻസൻ എന്നത്രേ. ആയാളിന്റെ ചരിത്രത്തിൽനിന്നു നല്ല സ്വഭാവത്രാണികൾ ഉള്ള ഒരുത്തനു തന്റെ അഭിപ്രായസ്ഥിരതകൊണ്ടു എന്തുമാത്രം ചെയ്യാമെന്നുള്ളതിനു ഒരു വിശേഷ ദൃഷ്ടാന്തം നമുക്കു കാണ്മാനുണ്ടു. ജോജ്ജ് സ്റ്റീഫെൻസൻ ജനിച്ചതു ഫ്രഞ്ചുകാരാമാണ്ടിൽ എംഗ്ലാണ്ടിനു വടക്കുള്ള കല്ക്കരി പ്രദേശങ്ങളുടെ മദ്ധ്യത്തിൽ ന്യൂകാസ്റ്റിലിന്നരികെയുള്ള ഒരു ഗ്രാമത്തിൽ ആയിരുന്നു. അവന്റെ അപ്പൻ കല്ക്കരിക്കുഴിയിൽനിന്നു വെള്ളം തേകുന്ന ആവിസൂത്രത്തിൽ ശേവുകനായ ഒരു എളിമപ്പെട്ട വേലക്കാരനായിരുന്നു. ഇവൻ പാവപ്പെട്ടവനായിരുന്നതുകൊണ്ടു ഇവന്റെ ആറു മക്കളും എത്രയും ചെറുപ്പത്തിൽ തുടങ്ങി അവരവരുടെ അഷ്ടിക്കു വേണ്ടി വേല ചെയ്യേണ്ടി വന്നു. അവരിൽ രണ്ടാമനത്രേ ജോജ്ജ്. അങ്ങിനെ ജോജ്ജ് സ്റ്റീഫെൻസൻ ഒരു കൊച്ചുചെറുക്കൻ എന്നുള്ള മുറെക്കു കിട്ടിയ വേല ഒരു പാപപ്പെട്ട വിധവയുടെ ശോകത്തെ സൂക്ഷിക്കയായിരുന്നു. പിന്നീടു

ഉണ്ടായിട്ടുള്ള മഹത്തരമായ യന്ത്രവാദികളിൽ ഒരുത്തനാ
യിത്തീരുവാനിരുന്ന ഒരം ചെറുക്കനെ ഒരം വേലയിൽ
വെച്ചു ദിവസം ഒന്നിന്നു രണ്ടു പെൻസു ആയതു രണ്ടും
ചിലപ്പാനവും മൂം വീതം തടെത്തു വന്നു. പിന്നീടു അ
വനു കുറേക്കൂടെ പ്രായം ചെന്നപ്പോൾ അവൻ കുതി
രയെയും കൊണ്ടു നടന്നു ഉഴവു ചെയ്യു. അപ്പോൾ അ
വന്നു ദിവസത്തോടും നാലു പെൻസു വീതം കിടെച്ചു പി
ന്നത്തേതിൽ അവൻ ഒരു ജലസൂത്രത്തെ സൂക്ഷിക്കു
ന്നതിൽ അവന്റെ അപ്പനു സഹായിക്കുന്നതിന്നു കൂ
ടെയായി. പതിന്നാലു വയസ്സായപ്പോൾ ദിനം ഒന്നിനു
ഒരു ഷില്ലിങ്ങു ആയതു പതിന്നാലു മൂം വീതം കിട്ടി.
ഒടുക്കം അവൻ ഒരു കല്ലരിക്കുഴിയിൽ യന്ത്രികനായി
തീന്നു. അപ്പോൾ ആയിരുന്നു അവൻ യന്ത്രമുണ്ടാക്കു
വാൻ പഠിച്ചു തുടങ്ങിയതു. അപ്പോൾ തന്നെയും ജോജ്ജു
സ്റ്റീഫെൻസനു പഠിപ്പാൻ വളരെ കായ്ങ്ങളുണ്ടായി
രുന്നു. എന്തുകൊണ്ടെന്നാൽ അവനു വായിക്കാറാകുന്ന
തിന്നു മുൻപേ അവൻ നന്നാ മുതിർന്നുപായി. അവന്റെ
അമ്മയപ്പന്മാർ തുലോം പാവപ്പെട്ടവരായിരുന്നതുകൊ
ണ്ടും ജോജ്ജു തന്റെ അഹോവൃത്തിക്കായിട്ടു കുഞ്ഞിലേ
വേല ചെയ്യേണ്ടി വന്നതുകൊണ്ടും അവനെ പള്ളിക്കൂട
ത്തിൽ ഒരിക്കലും അയച്ചിട്ടില്ലാഞ്ഞു എങ്കിലും വിദ്യയ്ക്കു അ
വനു അത്ര വലിയ ആഗ്രഹം ഉണ്ടായിരുന്നതുകൊണ്ടു
തന്റെ നിദാന വേല കഴിച്ചും പെച്ചു ഒരാഴ്ചയിൽ മൂന്നു
പ്രാവശ്യം ഒരു രാപ്പള്ളിക്കൂടത്തിൽ പോകയും വേഗ
ത്തിൽ വായിപ്പാനും എഴുതുവാനും പ്രാപ്തനായിതീരുകയും
ചെയ്തു. അവൻ തന്റെ ആയുസ്സു മുഴുവനും വലിയ സൂ
ത്രസാമർത്ഥ്യത്താലും മുടങ്ങാത്ത അദ്ധ്വാനത്താലും കീർത്തി
പെട്ടവനായിരുന്നു. അതിനു ദൃഷ്ടാന്തമായിട്ടു പിന്നത്തേ
തിൽ തന്റെ അപ്പനെപ്പോലെ യന്ത്രമുണ്ടാക്കുന്നതിനു
കേംവിപ്പെട്ടവനായി തീന്ന അവന്റെ മകനായ റോ
ബെർത്തിനെ ചെറുപ്പത്തിലേ പഠിപ്പിച്ചതു എങ്ങിനെ
യെന്നു അവന്റെ വാക്കുകൊണ്ടു നമുക്കു അറിയാം.
വളരെക്കാലം പിൻപു സ്റ്റൂക്കാസ്റ്റീലിൽനിന്നു ദാല്ലിങ്ട
നിലേക്കുള്ള ഇരിമ്പുപാദ തീന്നു ആദ്യം റെയിൽവേ ഓടിക്കു
ന്ന അന്നു അവൻ പറഞ്ഞതാവിതു, എന്റെ ഒരം തൊ
ഴിലിന്റെ ആരംഭത്തിൽ റോബെർത്തു ഒരു കൊച്ചനായി
രുന്നപ്പോൾ ഞാൻ പഠിതാവിൽ എത്ര കുറവുള്ളവനാ

യിരുന്നു എന്നു ഞാൻ കണ്ടു. അവന്നു ആ കുറവു വരാതിരിപ്പാനായിട്ടു അവനെ ഒരു നല്ല പള്ളിക്കൂടത്തിൽ ആക്കി നല്ലവണ്ണം പഠിപ്പിക്കേണമെന്നു ഞാൻ നിശ്ചയിച്ചു. ഞാൻ ഒരു നിഷ്കൃതിക്കാരനായിരുന്നിട്ടും ആ കാര്യം ഞാൻ എങ്ങിനെ സാധിച്ചു എന്നു നിങ്ങൾക്കു തോന്നുന്നു? ഞാൻ എന്റെ പകലത്തെ വേല കഴിച്ചും പൊരുതിയിൽ പോയി എന്റെ അയല്ക്കാരുടെ നാഴികമണികം നന്നാക്കി കൊടുത്തു. അങ്ങിനെ ഞാൻ എന്റെ മകനെ പഠിപ്പിക്കുന്നതിനുള്ള ചിലവുണ്ടാക്കി." ഇങ്ങനെ അവൻ ശുഭപ്പെടുവാനുള്ളവൻ തന്നെ സംശയമില്ല. അവൻ മിച്ചമുള്ള സമയമൊക്കെയും മുതലാക്കി. താനേതന്നെ പഠിക്കുന്നതിനുണ്ടായ' ഒരു സമയത്തെയും വ്യർത്ഥമാകയാതെ അവൻ എല്ലായ്പോഴും പുതിയ കാര്യങ്ങളെ പഠിച്ചുകൊണ്ടിരുന്നു. യന്ത്രപ്പണിയെ കുറിച്ചു എന്നതിൽ പ്രത്യേകം ആവിസൂത്രത്തെക്കുറിച്ചുള്ള പഠിതവം അവന്റെ മുഖ്യാനന്ദമായിരുന്നു. അവന്റെ ചെറുവീട്ടു മാതൃകകളും ആവിസൂത്രങ്ങളും യന്ത്രങ്ങളും വെച്ചു സൂക്ഷിക്കുന്ന ഒരു മാതിരി വിസ്മയ പീടികയായിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. അവന്നു നല്ല വയസ്സായപ്പോൾ അവൻ 1000 രൂപാ ശമ്പളമാകെ ഒരു കല്ക്കരിക്കുഴിയിൽ സൂത്രപ്പണിക്കാരനായിട്ടു അവൻ പതിഞ്ഞു. ആ വേലയിൽ വെച്ചു ആവി സൂത്രങ്ങൾ നടത്തിക്കുന്നതിനും കേടു തീർക്കുന്നതിനുമുള്ള സമർത്ഥത്തെക്കു അവൻ കേൾവിപ്പെട്ടവനായി തീർന്നു. ഒരു സ്ഥലത്തു വെച്ചായിരുന്നു കല്ക്കരി കേറ്റുന്ന വണ്ടികളെ വലിച്ചു കൊണ്ടു പോകുവാനായിട്ടു അവൻ നല്ലപ്പോൾ ഒരു ആവിവണ്ടിയെ ഉണ്ടാക്കിയതു. അവൻ മുൻപേ തന്നെ മേൽ പറഞ്ഞ ലീഡ്സിൽ വെച്ചു ആവിവണ്ടികളെ കണ്ടിട്ടുണ്ടായിരുന്നു. അവയെക്കാൾ വേഗത കൂട്ടുന്ന ഒരു യന്ത്രം ഉണ്ടാക്കേണമെന്നു അപ്പോൾ അവൻ മനസ്സിൽ കരുതി. ഒരു സാധ്യത്തിലേക്കു അവൻ നന്നാ പ്രയത്നങ്ങൾ കഴിച്ചു. ഒടുക്കം ആ വേലകൾ ശുഭമായി തീരുകയും ചെയ്തു. അവൻ പിന്നെയും ഒരു യന്ത്രം ഉണ്ടാക്കി. അതിന്നു മുൻപിൽ ഉണ്ടാക്കിയിട്ടുള്ള യന്ത്രത്തെ ഒക്കെക്കാൾ അതിന്നു വിശേഷം കൂടിയിരുന്നു എന്നു മാത്രമല്ല, ആ ഫാക്ടറുൽ ഏതു കല്ക്കരിക്കുഴിവകെക്കുണ്ടാക്കപ്പെട്ടവൊ അവിടെ ഇന്നേവരെ അതു വേല ചെയ്യുന്നുണ്ടു എന്നു

ങ്ങൾം വ്യവസ്ഥയായി വിചാരിക്കയും ചെയ്യുന്നു.

എന്നാൽ ജോജ്ജ്സ്റ്റീഫെൻസ്സന്റെ ശ്രമങ്ങൾം ഇതുകൊണ്ടും നിന്നില്ല. അവൻ വഴികൾം തീരുന്നതിനെയും ആവിവണ്ടിയുടെ സാദ്ധ്യത്തെയും എങ്ങിനെ വർദ്ധിപ്പിക്കേണ്ടു എന്നും സദാ വിചാരിച്ചുകൊണ്ടിരുന്നു. അവന്റെ അറിവു വർദ്ധിക്കുന്തോറും അതിനെ ശോധന ചെയ്യുന്നതിന്നും അപ്പപ്പോൾ സമയവും കിട്ടി. അവൻ ഒന്നാമതുണ്ടാക്കിയ ആവിവണ്ടികൾം പ്രയോഗിച്ചതു കില്ലിങ്ങ്വോത എന്നു വിളിക്കപ്പെട്ട ഒരു സ്ഥലത്തായിരുന്നു. അവയുടെ ഫലസിദ്ധികൊണ്ടു ഹെല്ലൻ എന്ന ഒരു സ്ഥലത്തുണ്ടായിരുന്ന കല്ക്കരിക്കുഴിയിൽനിന്നു കല്ക്കരി കപ്പലിൽ കേറുന്നതിന്നു വു മൈൽ ദൂരത്തോളം ഒരു ഇരിമ്പുപാദയിടുന്നതിന്നു ഇവനെ ആക്കി. ൦രം ഇരിമ്പുപാദ വകെക്കു ഓരോന്നു നൂ രൻ ഭാരം വഹിച്ചുകൊണ്ടുപോകത്തക്കതിൽ അഞ്ചു ആവിവണ്ടികൾം അവൻ ഉണ്ടാക്കി.

ആവിവണ്ടിയുടെ ശക്തികൾം നന്നാ പൂർണ്ണമായി പരക്കുന്നതിന്നുള്ള സമയം അപ്പോൾം അടുത്തിരിക്കയായിരുന്നു. ൦രം സമയത്തു ലിവെർപ്പൂലും മാൻഷെസ്സ്റ്ററും തമ്മിലുള്ള കച്ചവടം ദിവസേന വർദ്ധിച്ചു. ഒരിടത്തുനിന്നു മറെറാരിടത്തേക്കു വസ്തുക്കൾം കൊണ്ടുപോകുന്നതിന്നുണ്ടായിരുന്ന തോടുകൾം ചരക്കഴിവിന്നു ശരിയിട്ട വരുന്നില്ലെന്നു കണ്ടു. ലിവെർപ്പൂൽ എന്നതു അമെറിക്കായിൽനിന്നും ലോകത്തിന്റെ മറവു ഭാഗങ്ങളിൽനിന്നും പഞ്ഞി വന്നിറങ്ങുന്ന തുറമുഖം ആകുന്നു. ആ പഞ്ഞി മാൻഷെസ്സ്റ്ററിൽ കൊണ്ടുപോയി നൂലായിട്ടും തുണിയായിട്ടും ഉണ്ടാക്കപ്പെടുന്നു. ഒരു നഗരത്തിൽനിന്നു മറേറാന്നിലേക്കു കൊടുത്തയക്കുന്ന പഞ്ഞിയുടെ തൂക്കസംഖ്യ ൯ വർഷത്തിനിടയിൽ ൫ കോടി റാത്തലോളം കൂടുതലുണ്ടായി. പഞ്ഞി പലപ്പോഴും ലിവെർപ്പൂലിൽ വന്നിറങ്ങിയാൽ എറിയ നാൾ അവിടെനിന്നു കൊണ്ടുപോകാതെ ഇരുന്നുപോയിട്ടുണ്ടു. ഐക്യനാടുകളിൽനിന്നു അത്ലാന്തിക്കു കടന്നു എംഗ്ലാണ്ടിലേക്കു കൊണ്ടുവരുന്നതിനേക്കാൾം അധികം സമയം പിടിക്കും ചരക്കുകൾം ലിവെർപ്പൂലിൽനിന്നു മാൻഷെസ്സ്റ്ററിലേക്കു കേറി അയക്കുന്നതിന്നു. അതിനാൽ ലിവെർപ്പൂലിലും മാൻഷെസ്സ്റ്ററിലും ഉള്ള വ്യാപാരികൾക്കു പഞ്ഞി ഇതിലും നിമിഷം മാൻഷെസ്സ്റ്ററിലേക്കും അവരുടെ കയ്യിലുള്ള ചരക്കുകൾം ലിവെർപ്പൂലിലേക്കും

കടത്തുന്നതിന്നു വല്ല പുതിയ വഴിയുമുണ്ടായെങ്കിൽ കൊള്ളായിരുന്നു എന്നു ആഗ്രഹിച്ചു. ഒരു ഇരിമ്പുപാദയുണ്ടാക്കണമെന്നു നിശ്ചയിച്ചാറെ അതു കുറേ കാലത്തേക്കു നടന്നില്ല. അതിനിടയിൽ എംഗ്ലാണ്ടിന്റെ വടക്കു ഭാഗത്തിങ്കുന്നും സ്കോട്ലന്നും മദ്ധ്യേ ഒരു ഇരിമ്പുപാദയുണ്ടാക്കുന്നതിന്നുള്ള വേലയിൽ ജോജ്ജ്സ്റ്റീഫൻസൻ ഏല്പെട്ടു. ആ പാദയിൽ അവൻതന്നേ ഉണ്ടാക്കിയ ആവിവണ്ടിയെ പ്രയോഗിച്ചു. ഇതു വഴിയാത്രക്കാക്കും സാധാരണ കച്ചവടത്തിന്നുമായിട്ടു ഉണ്ടായ ഒന്നാമത്തെ ഇരിമ്പുപാദയായിരുന്നു. ആ സമയത്തു ആവിവണ്ടി ഒരു മണിക്കൂറിനിടയിൽ ൩൱ മുതൽ ൪൱ മൈൽ വരെ മാത്രമേ ഓടിയുള്ളു എന്നു വരികിലും ഇതു ഒരു കീർത്തിപെട്ടതായും സഫലമായും ഉള്ള ആരംഭമായിരുന്നു. ൧൱ വണ്ടി ഓടിച്ചു തുടങ്ങിയ അന്നു ഒന്നാം ആവിവണ്ടി നൂറു വണ്ടികളെ വലിച്ചുംകൊണ്ടു ഓടി. അവയിൽ ചരക്കു കൂടാതെ ൪൱൰ ആളുകൾ ഉണ്ടായിരുന്നതുംപുറമെ എല്ലാം കൂടെ ഏകദേശം ൯൰ ടൻ ഭാരം ഉണ്ടായിരുന്നു. കുറെ വർഷത്തിനിടയിൽലിവെർപ്പൂലിൽനിന്നു മാൻഛെസ്റ്റേറിലേക്കുള്ള ഇരിമ്പുപാദ പണി തുടങ്ങി. ജോജ്ജ്സ്റ്റീഫൻസനെ യന്ത്രവാദിയായിട്ടും നിശ്ചയിച്ചു. ൧൱ പാദ വെട്ടുന്നതിൽ വെച്ചു വളരെ പ്രയാസങ്ങളെ ജയിപ്പാനുണ്ടായിരുന്നു. മുഖ്യമായിട്ടു മുന്തിയ ജന്മികളുടെ വിരോധത്തെ തന്നേ അവരിൽ പലർക്കും തങ്ങളുടെ നിലം പുരയിടങ്ങളിൽകൂടെ ഇരിമ്പുപാദ ഇടുന്നതിൽ വെച്ചു കട്ടിയായ വിരോധമുണ്ടായി. അന്നുണ്ടാക്കിയ വിരോധങ്ങളിൽപലതും ഇന്നു ഭോഷ്കത്വമെന്നിരിക്കുന്നു. ഇരിമ്പുപാദയെ പറ്റി വർത്തമാന കടലാസുകളും ചെറിയ പുസ്തകങ്ങളും എഴുതിയുണ്ടാക്കി. ൧൱സൂത്രത്തിന്റെ ഇരെപ്പും ഭയങ്കര കാഴ്ചയും കൊണ്ടു പശുക്കൾ പേടികയും പിടക്കോഴികൾ മുട്ടയിടുകയും ചെയ്കയില്ല എന്നും, കുതിരകൾ വെരുണ്ട അവയുടെ പുറത്തിരിക്കുന്നവരെ കൊല്ലുമെന്നും, പുകക്കുഴലിൽ നിന്നു തീ തെറിച്ചു വീടുകൾ ദഹിച്ചുപോകുമെന്നും യന്ത്രത്തിന്നു തീ കൊടുക്കുന്നവർ വെന്തുപോകുന്നതുകൂടാതെ വണ്ടിയിൽ ഇരിക്കുന്ന വഴിയാത്രക്കാരും ഭസ്മമായിപ്പോകുമെന്നും, ഒരു മണിക്കൂറിനിടയിൽ ൧൰ മൈലിൽ അധികം ഓടിയാൽ അതിൽ ഇരിക്കുന്നവർ ചത്തുപോകുമെന്നും ജനങ്ങളോടു പറഞ്ഞു പിടിപ്പിച്ചു. കുതിര കെട്ടിയ

57998

വണ്ടിയെക്കാൾ ഈതു ഇരട്ടി നിമിഷം ഓടുമെന്നുള്ളതു തന്നെ ഹാസ്യമായിരുന്നു. ഇതുകൊണ്ടൊന്നും ജോജ്ജ് സ്റ്റീഫെൻസൻ പേടിച്ചില്ല. ഇരിമ്പുപാദയുടെ സംഗതികളെപ്പറ്റി അന്നുള്ള ആളുകൾക്കുണ്ടായിരുന്ന മൂഢതയും അവരുടെ ഇടയിൽ പരക്കവെ ഉണ്ടായിരുന്ന ദുർന്നിശ്ചയങ്ങളും കൊണ്ടു ലിവെർപ്പൂലിൽനിന്നു മാൻഷെസ്റ്ററിലേക്കു ഇട്ടുവന്ന പാദയുടെ നിവൃത്തിക്കു പാലിയാമെന്നു എന്ന ആലോചന സഭയുടെ അനുവാദം കിട്ടുന്നതിനു വളരെ പ്രയാസമുണ്ടായി എന്നു വരികിലും ഒടുക്കം അവർ സമ്മതിക്കയും പാദ തീരുന്നതിനും ജോജ്ജ്സ്റ്റീഫെൻസൻ ഉണ്ടാക്കിയ ആവിവണ്ടിക്കു എന്തു ചെയ്യാൻ കഴിയും എന്നു കാണിക്കുന്നതിനും ഇടവരികയും ചെയ്തു. ലിവെർപ്പൂലിൽനിന്നും മാൻഷെസ്റ്ററിലേക്കുള്ള ഇരിമ്പുപാദ തീർന്നപ്പോൾ പ്രധാനന്മാർ കൂടി ഒരു ദിവസം നിശ്ചയിച്ചു, അന്ന അ പാദയിൽ ഓടിക്കുന്നതിലേക്കു നല്ല ആവിവണ്ടി ഏതോ അതുണ്ടാക്കിയവനു ൫൦൦൦രൂപാ സമ്മാനം കൊടുക്കുന്നതെന്നവണ്ണം പറഞ്ഞുചെച്ചു. ഒരു മണിക്കൂറു കൊണ്ടു പത്തുമൈലിൽ അധികം ഓടുമെന്നതിനു അവക്കു അഭിലാഷം ഇല്ലാഞ്ഞു. ജോജ്ജ്സ്റ്റീഫെൻസൻ ഒരു ആവിവണ്ടിയുണ്ടാക്കി സമ്മാനവും വാങ്ങിച്ചു. അതു ഭാരമേറിയപ്പെട്ട വണ്ടികളെയും കൊണ്ടു നിരന്തരം ഒരു മണിക്കൂറിനിടയിൽ ൧൫ മൈൽവീതം ഓടി കൂടിയ വേഗത ഒരുമണിക്കൂറിനു ൩൦ മൈൽ അതായതു പ്രധാനികൾ നിശ്ചയിച്ചതിൽമൂന്നിരട്ടിയായിരുന്നു. എംഗ്ലാണ്ടിന്റെ പല ഭാഗത്തുനിന്നും അനേകം ജനങ്ങൾ വന്നുകൂടി അതിശയം കൂറുകയും ചെയ്തു. ജനങ്ങൾക്കു അതിൽ പിന്നെ ആവിവണ്ടിയുടെ ശക്തിയിൽ സംശയമുണ്ടായിരുന്നില്ല. അന്നു മുതൽ ആകുന്നു ഇരിമ്പുപാദയുണ്ടായ കാലം നാം എണ്ണി വരുന്നതു. ലിവെർപ്പൂലിൽനിന്നു മാൻഷെസ്റ്ററിലേക്കുള്ള പാദയിൽ ആദ്യം വണ്ടി ഓടിച്ചതു ക്രമം മാണ്ടു കന്നിമാസം ൧൫നു ആയിരുന്നു. അന്നു അവിടെ ബഹു ആളുകൾ അതു കാണുന്നതിനു വന്നു കൂടി. ഒരു മണിക്കൂറിനിടയിൽ മുപ്പതു നാല്പതു എംഗ്ലീഷു നാഴികകൾ അകലെ വണ്ടി ഓടുന്നതു കണ്ടതിൽ വെച്ചുണ്ടായ അവരുടെ വിസ്മയവും വലുതായിരുന്നു. അതിൽ പിന്നെ സഞ്ചാരത്തിന്റെ വേഗത അതിലും തുലോം കൂടിപ്പോയി. ഇ

പ്പോൾ ഒരു ആവിവണ്ടി ഒരു മിന്യൂറു നേരം കൊണ്ടു ഒരു മൈൽ വഴി ഓടുന്നതു അപൂവ്കായ്മല്ല. ംരം ഇരിമ്പു പാദവകെക്കു ക്രമേ ലക്ഷം രൂപാ (ക്ര, ഫ00, 000 പൌണ്ടു) ചിലവുണ്ടായിരുന്നു അതുകൊണ്ടു കച്ചവടക്കാക്കു ആണ്ടു തോറും ഫ0 ലക്ഷം രൂപാ അതായതു ഫ്ര, 000 പൌണ്ടു ലാഭവുമുണ്ടു. സ്റ്റീഫെൻസൻ ലിവെർപ്പൂലിൽനിന്നുമാൻ ഛെസ്റ്റെറിലേക്കുള്ള ഇരിമ്പുപാദയും അതിൽ കൂടെ ഓടിക്കേണ്ടുന്നതിനു ആവിവണ്ടിയും സഫലമായ നടപ്പു സ്ഥിതിയിലാക്കിയപ്പോൾ അവൻ തന്റെ ആയുസ്സിലെ വലിയ വേല തികെച്ചു എന്നു തന്നെ പറയാം. പഠിതത്തെയും സൂക്ഷ്മത്തെയും അധ്യവസായം ചെയ്തുകൊണ്ടും, പരിജ്ഞാനത്തിന്റെ സിദ്ധികളെ സൂക്ഷ്മത്തോടെ സംഗ്രഹിച്ചുകൊണ്ടും, എതു മേൽ നിസ്സാരമെന്നു ആദ്യ ദൃഷ്ടിയിൽ തോന്നിയതായ യാതൊരു സംഗതിയെയും സൂചകത്തെയും ഉപേക്ഷിച്ചുകളയാതെയും, ഒരിക്കൽ പോലും ഇളക്കിക്കളവാൻ വഹിയാത്ത സ്വബോധത്തോടും ഒരു നാളും തട്ടിച്ചുകളവാൻ വഹിയാത്ത നിശ്ചയത്തോടും കൂടെ തന്റെ മനോഭാവത്തെ മുറുകെ പിടിച്ചുകൊണ്ടും, തനിക്കുണ്ടായ അല്പ സഹായത്തോടും മനോധൈയ്യത്തോടും കൂടെ സകലവിധ പ്രയാസങ്ങളുടെയും വിരോധങ്ങളുടെയും മൽപാകെ ഇരിമ്പുപാദകളിലെ ആവിവണ്ടി നിബന്ധനത്തെ ഉറെപ്പാക്കി. ംരം കായ്മ്നിവൃത്തിച്ചതിൽ വെച്ചു മേസ്സർ സ്റ്റീഫെൻസൻ ലോകത്തിന്റെ പ്രശിഷ്ട വഡ്നെക്കു വേണ്ടി തന്റെ പ്രായത്തിൽ യാതൊരുത്തനെക്കിലും ചെയ്യിട്ടുള്ളതിനെക്കാം അധികം ചെയ്യു എന്നു നിശ്ചയം പറെയുന്നതിൽ മേൽ പറെഞ്ഞ കായ്ങ്ങൾ അധിക പ്രസംഗം അല്ലായിരിക്കെണ്ടം. മനുഷ്യരുടെ ഉപകാരത്തിന്നു ഉതകുന്നതായിട്ടു അച്ചടി സൂത്രം കണ്ടുപിടിച്ചതൊഴികെ മറെറാരു സൂത്രവും ഇരിമ്പുപാദയാവിവണ്ടികളോടു തുല്യമായിട്ടു പറവാൻ ഇല്ല. പണ്ടത്തെ കാലങ്ങളിൽ ഒരു പാലം പണിയിക്കുന്നവനെയും നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ പരസ്പര സംസ്ഗ്രത്തിന്നു ഇടയാകുവാൻ തക്കവണ്ണം ഒരു വഴിയുണ്ടാക്കുന്നവനെയും ഒരു പരോപകാരി എന്നു വിചാരിച്ചു വന്നു. ജാതിയോടു ജാതിയെ യോജിപ്പിക്കയും ലോകത്തിന്റെ അറുതികളെ ഇപ്പോൾ ഞടുതിയിൽ ഒന്നിപ്പിക്കയും ചെയ്യുന്നതായ ആവിവണ്ടി ഇരിമ്പു

പാദ നിബന്ധനത്തെ കണ്ടു പിടിച്ച ഇവൻ തന്റെ സമസൃഷ്ടികളായ മനുഷ്യക്ക് എത്ര മഹാ വലിയ ഒരു ചരോപകാരിയായിരുന്നു എന്നു തോന്നുന്നു ?

വേദ കാര്യങ്ങളെക്കുറിച്ചു

ഒരു സംവാദം.

(൪൯ാം പുറത്തു നിറുത്തിയ ശേഷം.)

കുറയ ദിവസം കഴിഞ്ഞിട്ടു സാംഖ്യദർശനത്തെ അനുസരിച്ചവരിൽ ചില പണ്ഡിതന്മാർ ആ ദർശനക്കാരുടെ ശാസ്ത്രത്തെ നല്ലവണ്ണം അഭ്യസിച്ചവനായ ഗുരുദാസപണ്ഡിതരുടെ വീട്ടിൽ തങ്ങളുടെ എംഗ്ലീഷു സ്നേഹിതനുമായിട്ടു പറഞ്ഞു ബോധിച്ചിരുന്നപ്രകാരം ഒരുമിച്ചു കൂടിയപ്പോൾ അവരുടെ ഇടയിൽ വന്നിരുന്നും കൊണ്ടു സാമ്യു പറഞ്ഞതാവിതു.

എംഗ്ലീഷുകാരൻ. ഈശ്വരൻ ഒരുവൻ ഉണ്ടെന്നുള്ളതിനെക്കുറിച്ചു സാംഖ്യകാരികയിൽ കാണുന്ന ശ്ലോകങ്ങളെക്കൂടാതെ കപിലൻ എഴുതിയുണ്ടാക്കിയ സൂത്രങ്ങളെയും ഈരംയിട ഞാൻ വായിച്ചു മനസ്സിൽ തുക്കി. ഇപ്പുസ്തകങ്ങളിൽ നല്ലതായിട്ടു വളരസ്സംഗതികൾ അടങ്ങിയിരിക്കുന്നു എന്നു മാത്രമല്ല ഇക്കാലത്തിലേ മഹാവിദ്വാന്മാരുതന്നെയും സമ്മതിക്കുന്ന അനേകം ഒന്നാമത്തെ പ്രമാണങ്ങൾക്കായിട്ടു അവ മുറപോലെ വാദിക്കുന്നുമുണ്ടു. എന്നാൽ നാം ഈരം വ്യവഹരിപ്പാൻ പോകുന്ന കാര്യത്തെപ്പററി അവയിൽക്കാണുന്ന യുക്തികൾ ശരിയേ ഊനമുള്ളവയായിരിക്കുന്നു. തങ്ങൾക്കു ഇഷ്ടമായിരുന്നാൽ അതിനെക്കുറിച്ചു തങ്ങളുമായിട്ടു സംസാരിപ്പാൻ ഇനിക്കു അപേക്ഷയുണ്ടു. ഈരം സംഗതിയെ യോഗത്തിൽ വിസ്തരിച്ചിരിക്കുന്നതുപോലെ കപിലൻ പ്രത്യേകമായി വ്യവഹരിക്കുന്നില്ല എന്നു ആദ്യമേ തന്നെ മനസ്സിൽക്കരുതുവാനുള്ളതാകുന്നു. അവൻ അതിനെക്കുറിച്ചു മറു വ്യവഹാരങ്ങളുടെ കൂട്ടത്തിലും വേറുവിട്ടു സംഗതിവശാലുമേ പറയുന്നുള്ളു. എന്നാൽ ഇത്ര മുഖ്യമായ സംഗതിയെക്കുറിച്ചു അങ്ങനെ വഴി മദ്ധ്യേ എന്ന പോ

ലെ വ്യവഹരിച്ചാൽപ്പോരാ. ദൈവം ഒരുവൻ ഉണ്ടോ യിരുന്നാൽ അവനെക്കുറിച്ചു സത്യമായുള്ള അറിവു എ ല്ലാവന്നും എത്രയും ആവശ്യമായിരിക്കെന്നേം. ദൈവം മനുഷ്യർക്കു ജീവകർത്താവും സകല നല്ല വസ്തുക്കളുടെയും ദാതാവുമാകയാൽ കപിലൻ ഇക്കാര്യത്തെക്കുറിച്ചു അ ത്ര ചുരുക്കമായിട്ടും സാരമില്ലാത്തവണ്ണവും പറെയുന്നതു നോക്കുമ്പോൾ ംരം ഉപദേശത്തിന്റെയും അതിലേക്കാ യ്മാകുന്ന മഹാത്മാവിന്റെയും വലിപ്പത്തെക്കുറിച്ചു ത ക്കതായുള്ള വിചാരം അവന്നു ഇല്ലായിരുന്നു എന്നു തെ ളിവു തന്നേ. ഉപലംഭത്തെക്കുറിച്ചു അവൻ പറെഞ്ഞി ട്ടുള്ള ലക്ഷണം ംരംശ്വരൻ എന്നുള്ള മൂർത്തിയോടു ചേരു മോ എന്നു ശോധന ചെയ്യുന്നതിൽ ദൈവം ഉണ്ടെന്നു സിദ്ധമല്ലെന്നു അറെപ്പുകൂടാതെ അവൻ പറെയുന്നു.

ഗുരുദാസൻ. ഉള്ളതുതന്നേ. എന്നാൽ ദൈവം ഇല്ലെ ന്നു അവൻ വെറും വാക്കായിട്ടല്ല, അതിനെ സാധി പ്പാൻ ചില യുക്തികളെയും കൂടെപ്പറെയുന്നുണ്ടു. അവ യിൽ മുഖ്യമായതു "സ്വതന്ത്രരിൽ എങ്കിലും ബദ്ധന്മാ രിൽ എങ്കിലും ദൈവം രണ്ടും തുകത്തില്ല. ഏതുവിധ മായാലും അവൻ അശക്തൻ തുകയുള്ളൂ."

കപിലന്റെ താല്പര്യം പതഞ്ജലി വിവരിക്കുന്ന പ്രകാ രം, പ്രകൃതിയോടു സംബന്ധിക്കയാൽ ആത്മാവിന്നു വരുന്ന അജ്ഞാനം പിണെക്കു അഹങ്കാരം ആഗ്രഹം എ ന്നിങ്ങനെയുള്ളവയിൽനിന്നു ദൈവം രഹിതനായിരു ന്നാൽ അവന്നു സൃഷ്ടിപ്പാൻ അപേക്ഷ വരികയില്ല. എന്നാൽ അവൻ പ്രകൃതിയോടു ചേർന്നു അതിനാൽ ബ ന്ധിക്കപ്പെട്ടിരുന്നാൽ മേല്പറെഞ്ഞ അപേക്ഷകളാലും കു റകളാലും ബന്ധിക്കപ്പെടുന്നതാകകൊണ്ടു അവന്നു സൃ ഷ്ടിപ്പാൻ കഴികയില്ല. ഏതു വിധമായാലും വല്ലതും സം ഭവിപ്പിപ്പാൻ അവൻ അശക്തനാകയുള്ളൂ. ആകയാൽ ഇങ്ങനെ ഒരു പരപ്പൊരുൾ ഉള്ളതല്ല.

എംഗ്ലീഷുകാരൻ. കപിലന്റെ ംരം യുക്തി തീരെ ദു ർബ്ബലം എന്നു എന്റെ പക്ഷം. എന്തെന്നാൽ ഒന്നാവതു മനുഷ്യർ ദേവകൾ മുതലായവക്കുള്ള രാഗാദികളോടു കൂടി യ ഒരു മൂർത്തിക്കു ഒന്നും സാധിപ്പാൻ വശമാകയില്ലെന്നു അവന്റെ യുക്തിയിൽ അന്തർഭവമായിരിക്കുന്ന ഉപന്യാ സം അസത്യമാകുന്നു. കുലാലൻ തന്തുവായൻ മുതലായ വേലക്കാർ രാഗാദികളോടു കൂടിയ മനുഷ്യർ തന്നേ എ

ങ്കിലും അവർ ഓരോ തൊഴിലുകളിൽ ഏല്പിച്ച പുതിയ വസ്തുക്കളെ ച്ചമെക്കുന്നുണ്ടു. ദൈവവും രാഗാദികളുള്ളവൻ എന്നിരുന്നാലും അവന്റെ വലിയ ശക്തിക്കു തക്കവണ്ണം വിഷയങ്ങളെക്കൊണ്ടു പുതുമാതിരി വസ്തുക്കളെ അവനുണ്ടാക്കാം എന്നതിന്നു പിന്നെ എന്തു വിരോധം. പിന്നെയും ഈശ്വരൻ ഒന്നുകിൽ നിർഗ്ഗുണൻ അല്ലെങ്കിൽ ദുർഗ്ഗുണൻ ആയിരിക്കേണം എന്നു വാദിക്കുന്നതും ശരിയല്ല. എന്തെന്നാൽ അവൻ സല്ഗുണനായിരിക്കാമെല്ലോ. അവൻ സകലത്തിന്റെയും കർത്താവാകയാൽ സകലത്തിലും വിശിഷ്ടനും എല്ലാറ്റിനെക്കാളും ശേഷ്ഠനുമാകുന്നു. എന്നതുകൊണ്ടു കപിലന്റെ ഈശ്വരയുക്തികേവലം അസാധുതന്നെ. ഇതിനെ സാംഖ്യദർശനക്കാർ ഒക്കെയും സമ്മതിച്ചിട്ടുണ്ടോ.

ഗുരുദാസൻ. സാംഖ്യത്തിൽ ഒരു ശാഖയായി നിരീശ്വരസാംഖ്യം എന്നു പേരായി പതഞ്ജലിയാൽ ഉപദിഷ്ടമായ യോഗം ഈശ്വരസംഗതിയിൽ കപിലന്റെ മതത്തോടു തീരെ ഭിന്നിക്കുന്നു.

എംഗ്ലീഷുകാരൻ. ഈശ്വരവ്യവഹാരത്തെപ്പറ്റി പതഞ്ജലി എന്തു ഉപദേശിച്ചിരിക്കുന്നു എന്നു ദയയോടു പറഞ്ഞു കേൾപ്പിച്ചാലും.

ഗുരുദാസൻ. സമാധി പ്രാപിക്കുന്നതിന്നു ഈശ്വരഭക്തി ഒരു വഴിയാകുന്നു എന്നു കാണിച്ചും വെച്ചു പിന്നത്തെ സൂത്രത്തിൽ ആ മഹാചാര്യൻ ഈശ്വരലക്ഷണങ്ങളെ ഇപ്രകാരം വിവരിക്കുന്നു. "ദൈവം ദുഃഖങ്ങളും ആകട്ടെ പ്രവൃത്തികളും ആകട്ടെ പാപപുണ്യങ്ങളും ആകട്ടെ പറ്റാത്ത ഒരു വിശേഷ ആത്മാവാകുന്നു." അവൻ ദൈവത്തെ ആത്മാക്കളുടെ കൂട്ടത്തിൽ ആകുന്നു എണ്ണിയിരിക്കുന്നതു എന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നു. എന്നാൽ അഖിലാണ്ഡത്തിൽ നിറഞ്ഞിരിക്കുന്ന മറുസാമാന്യ ആത്മാക്കളെപ്പോലെ അല്ല അവൻ ദൈവത്തെ വിചാരിച്ചതു എന്നു അവനെ അവൻ ഒരു വിശേഷ ആത്മാവു എന്നു വിളിച്ചിരിക്കുന്നതിനാൽ അറിഞ്ഞുകൊള്ളാം. ഈശ്വരൻ ദുർഗ്ഗുണൻ എങ്കിലും നിർഗ്ഗുണൻ എങ്കിലും ആയിരിക്കേണം എന്നു കപിലൻ വാദിക്കുന്നതിനെക്കുറിച്ചു അവൻ പറയുന്നതാവിതു, ദൈവം മറ്റെല്ലാ ആത്മാക്കളിൽനിന്നും വ്യത്യാസപ്പെട്ടിരിക്കയാൽ പ്രകൃതിയോടുള്ള സംബന്ധത്താൽ അവയ്ക്കുണ്ടാകുന്ന രാഗാദി

കൾ ഒന്നും അവനോട് പറവാനില്ല എങ്കിലും അവൻ തന്റെ ഹിതത്തിൻപ്രകാരം സകലവും നടത്തുവാൻ ശക്തൻ ആകുന്നു അവന്റെ ജ്ഞാനത്തിന്നു തുല്യൻ തന്നെ അല്ലാതെ വേറിട്ട് അറിയിപ്പാൻ ഇല്ലാത്തവണ്ണം അത്ര അറിവുറ്റവനാകയാൽ അവൻ സർവ്വജ്ഞൻ ആകുന്നു. അവൻ ഇപ്രകാരം ജ്ഞാനമുള്ളവനും അനാദിയായി ദേവകളിലും മുൻപേ ഉള്ളവനാകകൊണ്ടും സർവ്വം ജ്ഞാനം രക്ഷിക്കുന്നവനായിരിക്കുന്നു. കപിലന്റെ വാദത്തിന്നു പതഞ്ജലി പറയുന്ന ഉത്തരം ഇതാകുന്നു.

എംഗ്ലീഷുകാരൻ. ഈ യുക്തി നല്ലതു തന്നെ. നമുക്കു മേലാധിരിക്കുന്ന ദൈവം നമ്മിൽനിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു വിചാരിപ്പാൻ നല്ല ന്യായമുണ്ടു. മനുഷ്യർ ഒക്കയും വിശ്വസിച്ചിരിക്കുന്നതിന്നു വിരോധമായി ഈശ്വരൻ ഇല്ലെന്നു സാധിപ്പാൻ കപിലൻ കൊണ്ടുവരുന്ന യുക്തി അസാധുവാകുന്നു എന്നു ഈ വ്യവഹാരംതെളിവാക്കുന്നു. അതുകയാൽ യോഗികളുടെ ഈ യുപദേശം ഉത്തമം എന്നു സമ്മതിക്കേണ്ടതു തന്നെ. ഹിന്ദുവിജ്ഞാനികളിൽ ഈ സത്യത്തെ അംഗീകരിച്ചിട്ടുള്ളവർ അവർ മാത്രമല്ല: നൈയായികന്മാരും അതിനായിട്ടു വാദിക്കുന്ന കൂട്ടത്തിൽ ആകുന്നു. ദൈവവൃത്തിയെയും ലക്ഷണങ്ങളെയും കുറിച്ചു യോഗത്തിലേക്കാൾ കുറെക്കൂടെത്തെളിവായി അവർ വിസ്തരിക്കയും ചെയ്യുന്നു. ദൈവത്തെ ജ്ഞാനം എന്നൊരു ഗുണമായിട്ടല്ല ജ്ഞാനം ചൈതന്യം അപേക്ഷ എന്ന ഗുണങ്ങൾക്കു ഉടയതായിരിക്കുന്ന ഒരു ഗുണിയായിട്ടത്രേ അവർ വിചാരിക്കുന്നതു. അവൻ പ്രകൃതിയിൽനിന്നും ആത്മാക്കളിൽനിന്നും കേവലം ഇതരൻ എന്നും മൂലദ്രവ്യാണുക്കളെ വികസിപ്പിച്ചു അവയെ ആത്മാക്കളോടു സംയോഗിപ്പിക്കയോർ അവൻ തന്നെ അഖിലാണ്ഡത്തെ ആകൃതിപ്പെടുത്തി എന്നും അവർ പറയുന്നു. എന്നതുകൊണ്ടു കപിലന്റെ വ്യവഹാരം ദുർബ്ബലം എന്നു കാണിപ്പാൻ ഞാൻ ഇപ്പറയുന്ന യുക്തികൾ അന്യശാസ്ത്രത്തെ സ്വീകരിക്കുന്ന പരദേശകാർ കൊണ്ടുവരുന്ന വകയിൽ ഉള്ളതല്ല. അവരുടെതു പോലെ പൌരാണവും വിശ്രുതവുമായിരിക്കുന്ന മറ്റു ദർശനങ്ങളിൽച്ചേർന്ന വിജ്ഞാനികൾക്കും അവന്റെ സ്വന്ത ദർശനത്തിലേ ഒരു ശാഖക്കാർക്കു തന്നേയും മുൻപിനാലേ തോന്നീട്ടുള്ളവയാകുന്നു. എന്നാൽ അദൃശ്യ

മായ ജീവാത്മാക്കൾ ഉണ്ടെന്നു അവൻ സമ്മതിക്കുന്നു വെല്ലോ. അതിനുള്ള ന്യായങ്ങളാലേ തന്നേ പരമാത്മാവുണ്ടെന്നും സാധിക്കാകുന്നതാകയാൽ അവയുണ്ടെന്നു അവൻ നിശ്ചയിക്കുന്നതു എങ്ങനെ എന്നു പറഞ്ഞു കേട്ടാൽക്കൊള്ളാം.

ഗുരുദാസൻ. അവൻ വ്യവഹരിക്കുന്നതാവിതു. പ്രകൃതിയുടെ ഗുണങ്ങൾ സംയോജിക്കുന്നതു തനതു വകെക്കല്ല മറെറാരുത്തന്നായിട്ടു ആയിരിക്കേണം. കട്ടിൽ മെത്ത മുതലായവ തങ്ങൾക്കായിട്ടു തനിച്ചല്ല വേറിട്ടു ആളുകളുടെ ഉപകാരത്തിന്നായിട്ടും ആകുന്നു. ശരീരത്തിലേ ഓരോ അവയവങ്ങൾ ഓരോ സാദ്ധ്യത്തിന്നു ഉപയോഗിക്കുന്നതാകയാൽ ആ സാദ്ധ്യങ്ങൾക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു സ്പഷ്ടം തന്നേ. എന്നതുകൊണ്ടു അവെക്കു നിമിത്തകാരണമായിട്ടു ഒരു മൂർത്തി വേണം. അതു തന്നേ ആത്മാവു.

എംഗ്ലീഷുകാരൻ. നല്ലതു. ആത്മാക്കൾക്കു മേലായി ഒരു പരമ മൂർത്തിയുണ്ടെന്നു ഒരു വ്യവഹാരംകൊണ്ടു തന്നേ സാധിക്കാമെല്ലോ. ഓരോ ശരീരങ്ങൾ ഓരോ ആത്മാക്കളുടെ വാസസ്ഥലമായിരിപ്പാൻ ഉപകരിക്കുന്നു. ഇന്ദ്രിയങ്ങളും അവയുടെ വിഷയങ്ങളും ബാഹ്യലോകത്തിൽനിന്നു ആത്മാവിങ്കലേക്കു അറിവു എത്തിക്കുന്നതിന്നു നിയമിക്കപ്പെട്ടിരിക്കുന്നു. ആ സാദ്ധ്യത്തിന്നു അവ പൂർണ്ണമായി ഉപയോഗിക്കയും ചെയ്യുന്നു. ലോകവും അങ്ങനെ തന്നേയാകുന്നു. അതിലേ വിസ്തീർണ്ണമായ സമുദ്രങ്ങളും ഉന്നതമായ പർവ്വതങ്ങളും ഫലവത്തായ കൃഷിനിലങ്ങളും ജലമോഴുകുന്ന നദികളും ലോഹാദികൾകൊണ്ടു നിറഞ്ഞ ഖനികളും അറുതിയില്ലാത്ത കാനനങ്ങളും ഇവയെല്ലാം മനുഷ്യരുടെ ജീവനെപ്പാലിക്ക അവരുടെ അനുഭോഗത്തിന്നുള്ള ഉപകരണങ്ങളെ വർദ്ധിപ്പിക്ക അവരുടെ മനസ്സിന്നു പ്രയത്നത്തിന്നു വകയുണ്ടാക്കുക ഇത്യാദി അസംഖ്യം വഴിയിൽ ശരീരത്തിന്നും ആത്മാവിന്നും സുഖം വരുത്തുന്നതിനാൽ അവ മനുഷ്യർക്കു എത്രയും ഉപകാരമായിരിക്കുന്നു. എന്നാൽ ഭാഗ്യത്തിന്നുള്ള ഇത്ര വളരെ വിഭവങ്ങളോടും കൂടെ സർവ്വാത്മാക്കളും ഉണ്ടാക്കപ്പെട്ടിരിക്കുന്നതു ആർക്കു വേണ്ടി. അവർ സുഖമനുഭവിക്കുമ്പോൾ ആ സുഖത്തിൽ പങ്കുകാരൻ ആരു. ഒരു ലോകത്തിന്റെ മാത്രമല്ല സർവ്വലോകങ്ങളുടെയും പ്രധാ

ന നിമിത്തകാരണൻ ആരു. അവയിൽ ആസകലവും ആരുടെ തേജസ്സാകുന്നു വിളങ്ങുന്നതു- സകല നന്മകളുടെയും കാരണഭൂതനായിട്ടു സകല മനുഷ്യരും അവന്റെ അടുക്കലേക്കു അല്ലയോ നോക്കുന്നതും അവെക്കായിട്ടും അവനിൽ അല്ലയോ ആശ്രയിക്കുന്നതും അവനിമിത്തം അവനെയല്ലയോ സ്തുതിക്കുന്നതും. എന്നെന്നാൽ സകല ദേശക്കാരും ഭാഷക്കാരും ഒരാളിനെ തങ്ങളുടെ സ്രഷ്ടാവും പരിപാലകനും എന്നു വെച്ചു ഒരൈവമാക്കി വന്ദിക്കുന്നുണ്ടു. ദൈവ തേജസ്സു സകല വസ്തുക്കളിലും വിളങ്ങുന്നതിനാൽ സകലതെയും ഉണ്ടാക്കിയതു അവൻ തന്നേ എന്നു നിർണ്ണയിക്കാം. അവൻ ധാതുദ്രവ്യങ്ങളെയും ജീവജാലങ്ങളെയും ജീവജന്തുക്കളെയും ജീവാത്മാക്കൾക്കായിട്ടു ഉണ്ടാക്കിയിരിക്കുന്നതു പോലെ ജീവാത്മാക്കളെ പരമാത്മാവായ തനിക്കായിട്ടു തന്നേ സൃഷ്ടിച്ചിരിക്കുന്നു എന്നു വിചാരിക്കുന്നതിന്നു നല്ല ന്യായമുണ്ടു. അവൻ അവരുടെ സൌഭാഗ്യത്തിന്നു വേണ്ടുന്ന ഉപകരണങ്ങളെ സമൃദ്ധിയായി കരുതിയിരിക്കയാൽ അവൻ അതിൽ ഇഷ്ടപ്പെടുന്നു എന്നു തെളിവാകുന്നു. തട്ടാൻ ആഭരണങ്ങളെ കുഞ്ഞിനു ധരിപ്പാൻ ഉണ്ടാക്കുന്നു. അവയെ ധരിക്കുന്നതിൽ കുഞ്ഞിനുണ്ടാകുന്ന പ്രസാദത്തിൽ പിതാവു സന്തോഷിക്കുന്നു. മഹാ ദൈവവും തന്റെ സചേതനസൃഷ്ടികളുടെ സൌഭാഗ്യത്തിൽ ഇഷ്ടപ്പെടുന്നു. അതിനു വേണ്ടുന്നതൊക്കയും അവൻ തന്നേ അവർക്കു ഉണ്ടാക്കിക്കൊടുത്തുമിരിക്കുന്നു. അതുകയാൽ കപിലൻ ജീവാത്മാക്കളുടെ വൃത്തിക്കായിട്ടു വ്യവഹരിക്കുന്നതുപോലെ പരമാത്മാവായ ദൈവത്തിന്റെ വൃത്തിക്കായിട്ടും മഹിമെക്കായിട്ടും വാദിപ്പാനുള്ളതായിരുന്നു.

ഗുരുദാസൻ. ദൈവം ഒരുവൻ ഉണ്ടെന്നുള്ള വിശ്വാസത്തെത്തള്ളുന്നവർ വിദ്വാന്മാരിൽ ചുരുക്കം പേരേ കാണൂ. കപിലമുനി ദൈവം ഇല്ലെന്നു വാദിക്കുന്നില്ല. ഉണ്ടെന്നു ലക്ഷണസിദ്ധമായിട്ടില്ല എന്നു പറയുന്നതേയുള്ളൂ.

എംഗ്ലീഷുകാരൻ. പണ്ഡിതരേ ഇന്ത്യയിൽ ഉത്തരഭാഗങ്ങളിലേ വിദ്വാന്മാർ സാംഖ്യശാസ്ത്രം അഭ്യസിക്കുന്നുണ്ടു. എങ്കിലും അവരിൽ സാക്ഷാൽ നാസ്തികന്മാർ വല്ലവരും ഉണ്ടെങ്കിൽ എത്രയും ദുർല്ലഭം എന്നും നല്ല ഹിന്ദുക്കൾക്കു യോഗ്യമായിരിക്കുന്നതിൻവണ്ണം നിങ്ങൾ എല്ലാ

വരും പരാപരനിൽ വിശ്വസിക്കുന്നവരാകുന്നു എന്നും ഞാൻ നല്ലവണ്ണം അറിഞ്ഞിരിക്കുന്നു. എന്നാൽ കപിലന്റെ വാദത്തെക്കുറിച്ചു തങ്ങൾ പറയുന്ന സമാധാനം അത്ര ശരിയായി എന്നു ഇനിക്കു തോന്നുന്നില്ല. ഈശ്വരവൃത്തി സിദ്ധമായിട്ടില്ലെന്നു അവൻ യുക്തിക്കായിട്ടു മാത്രം പറയുന്നതല്ല അവന്റെ ബോധവും അങ്ങനെയായിരുന്നു എന്നു വിചാരിപ്പാൻ സംഗതിയുണ്ടു. പ്രപഞ്ചസംഭവത്തിന്നും മാഗ്രത്തിന്നും ഈശ്വരവൃത്തി അനാവശ്യം എന്നായിരുന്നു അവന്റെ പക്ഷം. പണ്ടു അവന്റെ കാലത്തും അതു കഴിഞ്ഞിട്ടും ഉണ്ടായിരുന്നവർ അവന്റെ മതങ്ങളെ തെറ്റെന്നല്ലോ എണ്ണിയതു. അവർ ഈ ദർശനത്തെ നിരീശ്വരം എന്നും പേരുവിളിക്കയും ചെയ്തു. അതു കാരണത്താൽ അവന്റെ ശിഷ്യന്മാരുമായിട്ടു അവക്കു വളരെത്തക്കങ്ങൾ ഉണ്ടായിരുന്നു. യോഗികളും വേദാന്തികളും അവന്റെ ഈ ദുർമ്മതത്തിന്നു വിരോധമായിട്ടു പ്രത്യേകം വാദിച്ചു കൂട്ടത്തിൽ തോല്പിച്ചിരുന്നു. ഭഗവദ്ഗീത മുതലായവയിൽ അവന്റെ പ്രമാണങ്ങളിൽ ചിലതിനെ സ്വീകരിച്ചിട്ടുണ്ടെങ്കിലും ദൈവം ഒരുവൻ ഉണ്ടെന്നു അവർ സ്പഷ്ടമായി സമ്മതിക്കുന്നു. എന്നു തന്നെയുമല്ല ബൌദ്ധന്മാർ കപിലന്റെ ഈ ദുർവ്വിചാരത്തെ കൈക്കൊണ്ടതുകാരണത്താൽ അവരെ നിങ്ങൾ തെറുകാർ എന്നു എണ്ണുന്നു. അവർ ദൈവത്തെ മാത്രമല്ല ബ്രഹ്മാവിനെയും വേദത്തെയും കൂടെത്തള്ളിയ കൂട്ടത്തിൽ ആകുന്നു. ഇതെല്ലാം നോക്കുമ്പോൾ അവന്റെ തെറ്റു സാരസംഗതിയിൽ ആകുന്നു എന്നു തെളിവായിക്കാണാമെന്നല്ലോ. ആകയാൽ അവനെ ഒരു നല്ല ഉപദേഷ്ടാവായിട്ടു എങ്കിലും പിണെക്കാത്ത വഴികാട്ടിയായിട്ടു എങ്കിലും സ്വീകരിച്ചു കൂടാ എന്നു പറഞ്ഞു കഴിയുവാനില്ല.

എന്നാൽ കപിലന്റെ ദുഷ്കൃതികളെ വിട്ടു വെച്ചു ഈ സാരസംഗതിയെ നമുക്കായിട്ടു തന്നെ ഒന്നു ശോധന ചെയ്തു നോക്കാം. ഇന്ദ്രിയശക്തിപ്പാലെ യുക്തിയിലും ചിലയാളുകൾ ദൈവം ഇല്ലെന്നു വാദിക്കുന്നുണ്ടു. എന്നാൽ ഉണ്ടെന്നു സാധിപ്പാനുള്ള ന്യായങ്ങൾ വളരെയാകുന്നു. അവയിൽ ഒന്നു രണ്ടിനെ നമുക്കു ചൂതുകത്തിൽ ശോധന കഴിക്കാം. ഹേതുതത്വത്തിന്റെ പ്രമാണങ്ങളെ നാം കുറയ ദിവസം മുൻപെ വിസ്തരിച്ചുവല്ലോ.

അതിൽനിന്നു ഒരു യുക്തിയുള്ളതു തന്നേ അതു വിചാരിച്ചു നോക്കാം. ആ പ്രമാണങ്ങളെ ഇവിടെ ഒന്നു ആവർത്തിച്ചു പറഞ്ഞാൽ കൊള്ളാം.

ഗുരുദാസൻ. ഏതു കാര്യത്തിന്നും ഒരു കാരണം വേണം. അതു തക്കതുമായിരിക്കേണം. ഇതു സംഗതികളിൽ സകല വിജ്ഞാനികളും മിക്കവാറും യോജിക്കുന്നു.

എഡ്വീഷുകാരൻ. കാര്യങ്ങളെ സംഭവിപ്പിക്കുന്ന കാരണങ്ങളുടെ തരഭേദങ്ങളെക്കൂടെ ഭയത്തോടു പറഞ്ഞാലും.

ഗുരുദാസൻ. മനുഷ്യരുടെ ഇടയിൽ സാധാരണമായിട്ടു പറയുന്നതിൽ മൂന്നു വകയെ നാം വിവരപ്പെടുത്തിയെല്ലോ. അവ ഉപാദാനകാരണവും കരണകാരണവും കർത്തൃകാരണവും തന്നേ. എന്നാൽ രണ്ടു കാരണങ്ങൾ ഏതു കാര്യത്തിന്നും ആവശ്യമാകുന്നു. കാര്യത്തെ സാധിപ്പിക്കുന്ന കാരകമായ കർത്തൃകാരണവും കാര്യ സാദ്ധ്യത്തിന്നു സാധനമായിത്തീരുന്ന ഉപാദാനകാരണവും തന്നേ.

എഡ്വീഷുകാരൻ. കൊള്ളാം നാം വസിക്കുന്ന ലോകത്തിൽ നോക്കേണം. അതു മലകളും താഴ്വരകളുംകൊണ്ടു മൂടിയിരിക്കുന്നു. കാനനങ്ങളും വൃക്ഷങ്ങളുംകൊണ്ടു നിറഞ്ഞിരിക്കുന്നു. എവിടെപ്പോയാലും അരുവികളും നദികളും കാണാം. മൃഗങ്ങളും പക്ഷികളും എല്ലാടത്തും ഉണ്ടു. എന്നാൽ ഇവയെല്ലാം കാര്യങ്ങൾ ആകുന്നു. അവയെ മുൻപിട്ടിരുന്ന കാരണങ്ങളിൽനിന്നു മുളച്ചുമിരിക്കുന്നു. ഇപ്പോഴുള്ള വൃക്ഷാദികൾ മുൻപു കിളുത്തു വളർന്നവയിൽനിന്നു ഉണ്ടായിവന്നവയാകുന്നു. ഇതുപോലെ മുറയ്ക്കു മനുഷ്യർ കഴിഞ്ഞ തലമുറയിൽ ജീവിച്ചിരുന്നവരുടെ മക്കളാകുന്നു. നാം ഇപ്പോൾ കാണുന്ന കാര്യങ്ങൾ ഒക്കയും ഇന്നിന്ന കാരണങ്ങളിൽനിന്നു ഉണ്ടായി എന്നു നമുക്കു പറയാം. ആ കാരണങ്ങളോ അവയെ മുൻപിട്ടിരുന്ന കാരണങ്ങളിൽനിന്നുള്ളവയായിരിക്കുന്നു. ഇങ്ങനെ മേല്ക്കുമേൽ കേറിക്കേറി പോയാൽ ഒരു ആരംഭത്തിങ്കൽ ചെന്നു നില്ക്കേണം. ഇതു വ്യവഹാരം ന്യായവിഹിതം എന്നു എല്ലാ ദർശനക്കാരും സമ്മതിക്കുന്നില്ലയോ.

ഗുരുദാസൻ. ഉണ്ടു നിശ്ചയം തന്നേ. ലോകത്തിൽ ഇപ്പോൾ ഉള്ള സകല വസ്തുക്കൾക്കും സർവ്വത്തിന്റെയും ആദ്യ കാരണമായിട്ടു വിചാരിക്കപ്പെടുന്ന പഞ്ചഭൂതങ്ങളെ എല്ലാ ദർശനക്കാരും മൂലമാക്കുന്നു.

എംഗ്ലീഷുകാരൻ. പ്രപഞ്ചത്തിൽക്കാണുന്ന പദാർത്ഥങ്ങൾ ഒക്കെയും മൂല ഭൂതങ്ങൾ വിവിധമായി യോജിക്കുന്നതിനാൽ ഉണ്ടാകുന്ന വയാകുന്നു സത്യം തന്നെ എന്നു വരികിലും അവ ഓരോ സ്വരൂപങ്ങളായിത്തീരുന്നതു എങ്ങനെ.

നൈയ്യായികൻ. സംശയം കൂടാതെ കർത്തൃകാരണമായിരിക്കുന്ന ഒരുത്തനാൽ വേണം. എന്തെന്നാൽ കർത്തൃകാരണം കൂടാതെ ഉപാദാന കാരണങ്ങൾക്കു തന്നേ ഒന്നിപ്പാൻ വഹിയാ. കുശവനെക്കൂടാതെ ചക്രവും കളിമണ്ണുംകൊണ്ടു മാത്രം കലമുണ്ടാകുന്നില്ലെല്ലോ.

എംഗ്ലീഷുകാരൻ. അപ്രകാരം തന്നേ ഓരോ ലോകം ഉണ്ടായതിൽ മുഖ്യകാരണമായിട്ടു ഒരു കർത്താവു അവശ്യമാകുന്നു. പ്രവൃത്തിപ്പാൻ ശക്തിയും എന്തു പ്രവൃത്തിക്കണം എന്നു തിരിച്ചറിവാൻ ബുദ്ധിയുമുള്ള ഒരു ക്രിയാകർത്താവിനെക്കൂടാതെ വിഷയങ്ങൾ തന്നെ ഒന്നിച്ചു സ്വരൂപങ്ങളാകുന്നതു എങ്ങനെ. ഒന്നിച്ചു ചേരേണം എങ്കിൽ അവതമ്മിൽ അടുത്തുവരേണം. താനേ ഇളകുവാൻ അവെക്കും കഴികയില്ലെല്ലോ. അങ്ങനെയിളകുന്നു എങ്കിൽ അയിളക്കം ഇല്ലായ്മയിൽനിന്നു ഉണ്ടാകേണം എന്നാൽ ഇല്ലാതതിരിനിന്നു ഉളേളതു വരികയില്ലെല്ലോ. ഒരു കർത്താവിനേ ഇളക്കവും ക്രിയയും ഉരുവിപ്പിപ്പാൻ കഴിയു. അങ്ങനെയുള്ള ആകട്ടെ ആന്തരങ്ങൾക്കു പാത്രമാകത്തുമുള്ളു. എന്നതുകൊണ്ടു ഓരോ വലിയ അഖിലാണ്ഡത്തിൽ വിഷയങ്ങളെക്കൊണ്ടു ആദ്യം കായ്ങ്ങളെ ഉളവാകുന്നതിനു ഒരു ക്രിയാകർത്താവു കേവലം അവശ്യമായിരിക്കുന്നു. മൈവം വേണ്ടും പ്രകാരേണ പ്രവൃത്തിപ്പാൻ ശക്തിയും ഫലങ്ങളെ നിശ്ചയിപ്പാൻ ജ്ഞാനവും ഉള്ള ക്രിയാകർത്താവാകുന്നു. എന്നതുകൊണ്ടു എല്ലാവരും സമ്മതിക്കുന്ന യുക്തിപ്രമാണങ്ങളാൽത്തന്നെ അധികാരണനായിട്ടു മൈവം ഓരാളുണ്ടെന്നു ലക്ഷ്യനിശ്ചയമായിത്തീരുന്നു എന്നു എന്റെ പക്ഷം. വിഷയങ്ങളെ ഒന്നിച്ചു വരുത്തുന്നതിനു കപിലൻ പറയുന്ന വഴിയെ നാം വിചാരിച്ചു നോക്കുന്നു എങ്കിൽ ഇക്കാര്യം ഒന്നു കൂടെത്തെളിവാകും. മൂലകാരണങ്ങളായിട്ടു അവൻ എണ്ണുന്നതു ഏതെല്ലാം എന്നു പണ്ഡിതർ തന്നേ പറഞ്ഞാലും.

ഭ്രമിയുരുണ്ടാകുന്നു എന്നുള്ളതു.

ഭ്രമിക്കുത്തല്ല പരന്നാകുന്നു എന്നു പഴഞ്ചൊല്ലായിരിക്കുമ്പോൾ അതു ഒരു നാരെങ്ങാ പോലെയുരുണ്ടാകുന്നു എന്നുപറയുന്നതു കാഴ്ചക്കുവിരോധമായിരിക്കുന്നു എന്നു മാത്രമല്ല പരസമ്മതത്തോടും ഭിന്നിക്കുന്നു എന്നു ഒട്ടു പേർ പറയുമായിരിക്കും. എന്നാൽ മേൽപ്പറഞ്ഞ പഴഞ്ചൊല്ലിന്റെ താല്പര്യം ഭ്രമിയുരുണ്ടോ നിരന്നോ എന്നു അതിന്റെ രൂപത്തെ വിവരിപ്പാനല്ല കൂത്തു സ്ഥലച്ചുരുക്കമായിരിക്കാതെ പരന്നു വിസ്താരമായിരിക്കുന്നു എന്നു കാണിപ്പാനാകുന്നു. ആ വാക്കിനെ പ്രയോഗിച്ചു വരുന്ന സാഹചര്യങ്ങൾകൊണ്ടു തന്നേ ഇതു തെളിവാകുന്നു. എന്നാൽ ഭ്രമിനാരെങ്ങാ പോലെ ഇരിക്കുന്നു എന്നു പറയുന്നതു അതിന്റെ ദൃഢത്തെ സൂചിപ്പിക്കുന്നതിന്നല്ല അതിന്റെ ആകൃതിയെ മനസ്സിലാക്കുവാനാകയാൽ അതു മേൽപ്പറഞ്ഞ പഴഞ്ചൊല്ലിനോടു സാക്ഷാൽ വിപരീതമായിരിക്കുന്നില്ല. പിന്നെ അതു കണ്ടനുഭവത്തിന്നു വിരോധം എന്നു പറയുന്നതും കായ്മ മറിച്ചു എന്നു സാധിക്കുന്നതിന്നു ഒരു പ്രബലമായ ന്യായം ആകത്തില്ല. ഭ്രമിയിൽ നമ്മുടെ കാഴ്ചക്കു വലിയതായിരിക്കുന്ന കുന്നുകളും കുഴികളും ഉണ്ടെല്ലോ. എങ്കിലും അവയെ ഒരു വിസ്തീർണ്ണമായ ലോകത്തോടു ആകപ്പാടേ കൂട്ടിനോക്കുമ്പോൾ അവ നിസ്സാരമായിതീരുകയാൽ അവ നിമിത്തം ഭ്രമി പരന്നല്ലെന്നു പറഞ്ഞുകൂടായ്കയല്ലോ. അപ്രകാരം തന്നെ ഭ്രമിയിൽ നമ്മുടെ നോട്ടത്തിന്നു എത്തുപടുന്ന ഭാഗങ്ങളും ഒപ്പനിരപ്പായിരിക്കുന്നതുകൊണ്ടു അതു ആകപ്പാടേയുരുണ്ടല്ലെന്നു സാധിപ്പാൻ വകയില്ല. ഒരു വലുതായ വളവുരേഖയെച്ചെറിയ അംശങ്ങളായിട്ടു പിരിച്ചു ഓരോന്നിനെ തനിച്ചു നോക്കിയാൽ നേർരേഖകളായിട്ടു തന്നേ കാണപ്പെടും. ആവിവണ്ടി ഓടുന്നതിനുള്ള പാത കുത്തവളവുള്ളതായിരുന്നാൽ കായ്ത്തിനു കൊള്ളുന്നതല്ലായ്കകൊണ്ടു വഴിക്കു തിരിവു വേണ്ടി വരുമ്പോൾ ക്രമത്തിനു പാതയെ വളച്ചുകൊണ്ടുപോകുന്നു. ഇങ്ങനെയുള്ള പാതയെ ആകെ നോക്കുമ്പോൾ തിരിവുകാണാമെങ്കിലും എവിടമെങ്കിലും കുറേയിടം മുറിച്ചുനോക്കുമ്പോൾ തീരെ വളവില്ലാത്ത പ്ര

കാരം കാണപ്പെടുന്നു. വൃത്താകൃതിയായിരിക്കുന്ന ഒരു തേങ്ങാച്ചിരട്ട എത്രയും ചെറുതു എങ്കിലും അതിനെ തൂലോം കൊച്ചുകൊച്ചു ഖണ്ഡങ്ങളായിട്ടു മുറിച്ചാൽ ആ ഖണ്ഡങ്ങളിൽ വളവു തീരെക്കാണ്മാനില്ലാതെ വരുന്നതാകയാൽ അവയെ ഒരൊപ്പുനിരപ്പുള്ള വസ്തുവിന്റെ മുറികൾ എന്നു ഓർത്തുപോകാം. ചെറുതായിവരെക്കപ്പെട്ടിരിക്കുന്ന ചില ഭൂപടങ്ങളിൽ കിഴക്കും പടിഞ്ഞാറുമായിരുണ്ടു അർദ്ധഗോളമുള്ളതിനു ചുറ്റും കാണുന്നവൃത്തരേഖകളിൽ ഓരോന്നിനെ അക്ഷാംശങ്ങൾ എന്നു പേരായി നൂറു അംശങ്ങളായിട്ടു വിഭാഗിക്കപ്പെട്ടിരിക്കുന്നവയിൽ എവിടെ എങ്കിലും ഈ അംശങ്ങളിൽ അധികം വരാതെ വേറുപടത്തിനോക്കിയാൽ ആയംശങ്ങളിൽ അടങ്ങിയ രേഖ നല്ല ചൊവ്വൊത്തതായിതോന്നും. എന്നാൽ ഭ്രമിയിൽ ഒരക്ഷാംശത്തിനു ഏം കൂവീടുവരെയുള്ളതാകയാലും അതിൽ അപ്പുറം കടലിൽ തന്നെയും നമ്മുടെ കാഴ്ച എത്തുന്നതല്ലായ്കയാലും അത്രയും അകലം പരന്നു വിസ്തീർണ്ണമായ ഭ്രമിയിൽ തൂലോം ചുരുങ്ങിയ ഒരു ഭാഗം മാത്രമാകകൊണ്ടു ഭ്രമിയുടെ ഉരുണ്ട നമ്മുടെ കണ്ണുകൾക്കു ദൃശ്യമല്ലാതിരിക്കുന്നതിൽ അതിശയിപ്പാനില്ല. കാര്യത്തിന്റെ പടുതി വിചാരിക്കുമ്പോൾ മറിച്ചു കാണുക അസാദ്ധ്യമാകുന്നു. എന്നാൽ ഭ്രമിയുരുണ്ടാകുന്നു എന്നുള്ളതിനു തക്ക വിരോധമില്ലെന്നു മാത്രമല്ല അതിനു ചില മതിയായ നേർന്യായങ്ങളും കൂടെയുണ്ടു.

൫. സകല വസ്തുക്കളുടെയും സ്വാഭാവികമായ രൂപം ഉരുണ്ടാകുന്നു. വിവിധമായ രൂപങ്ങളോടുകൂടിയ വസ്തുക്കൾ കൊണ്ടു ഭ്രമി നിറഞ്ഞിരിക്കുമ്പോൾ ഏതു വാക്കു എങ്ങനെ ശരിയാകും എന്നു ചിലർക്കു തോന്നുമായിരിക്കും. എന്നാൽ മറ്റു രൂപങ്ങൾ വിശേഷാൽ ചില കാരണങ്ങൾ ഉണ്ടായിട്ടു വരുന്നതാകുന്നു. സ്വയമായി ഉണ്ടാകുന്ന രൂപം ഗോളം തന്നേ. ജലത്തുള്ളികൾ എല്ലായ്പോഴും ഉരുണ്ടാകുന്നു. പൊൻ വെള്ളി മുതലായ ലോഹാദികൾ മൂശയിൽ ഇട്ടുരുക്കി താനേയിരുന്നു തണുക്കിട്ടാൽ ഉരുണ്ടിരിക്കും. വെടിവെക്കുന്നതിനുള്ള ചില്ലുകൾ മണി പോലിരിക്കുന്നതു തല്ലിയുരുട്ടിട്ടല്ല ഉരുക്കി ഒഴിക്കുന്നതിനാൽ താനേ അങ്ങനെ വന്നുകൊള്ളുന്നതാകുന്നു. പിന്നെയും ആകാശത്തിൽ സഞ്ചരിക്കുന്ന ജ്യോതിസ്സുകളിൽ സൂര്യചന്ദ്രന്മാരുടെ രൂപം നമുക്കു വെറും ക

ണ്ണിന്റെ കാഴ്ചകൊണ്ടും ഗ്രഹിക്കാവുന്നതാകുന്നു. അവ എല്ലാ സമയത്തും വൃത്തമായിട്ടാകുന്നു കാണപ്പെടുന്നതു. ആകയാൽ അവ ഗോളങ്ങളാകുന്നു എന്നു ലക്ഷണസിദ്ധമാകുന്നു. എന്തെന്നാൽ ഏതൊരു വസ്തുവും എല്ലാപ്പടുതിയിലും വൃത്തമായിക്കാണപ്പെടണം എങ്കിൽ അതു ചുറ്റുമുരുണ്ടതിൽ ഒരു ഗോളമായിരിക്കേണം. സൂര്യചന്ദ്രന്മാക്കു ക്രമമായിട്ടു ഒരുതിരിച്ചൽ ഉണ്ടെന്നു അവയിൽ ചില കറുപ്പുരേഖകൾ ഉള്ളതുകൊക്കു ക്രമമായിട്ടു ഒരു മാറാം കാണുന്നതിനാൽ നിശ്ചയിക്കാവുന്നതാകകൊണ്ടു അവ എല്ലാ പടുതിയിലും നമുക്കു കാണപ്പെടുന്നു എന്നുള്ളതിനു സംശയം വേണ്ടാ. ആകയാൽ വസ്തുക്കളുടെ ജാത്യരൂപം ഉരുണ്ടാകയാൽ ഭ്രമിയുമുരുണ്ടാകുന്നു എന്നുള്ളതു യുക്തിസ്ഥമാകുന്നു;

൨. ഭ്രമിയുടെ ആകൃതി ഉരുണ്ടതല്ലെന്നു വന്നാൽ അതിനു മറു വല്ലതും ഒരു സ്വരൂപമുണ്ടായിരിക്കേണം. അല്ലെങ്കിൽ അതു നാലുപാടും അറുതിയില്ലാത്തതു എന്നു വരും. എന്നാൽ അതിനു അറുതിയില്ലെന്നു പറഞ്ഞുകൂടാ. എന്തെന്നാൽ നാം ഇന്നു കാണുന്ന ആദിത്യനും ചന്ദ്രനും നക്ഷത്രങ്ങളും ഇന്നലയും മുമ്പൊന്നും കണ്ടവയല്ലെന്നുവല്ലവരും വാദിച്ചുകൊള്ളുമെന്നു തോന്നുന്നില്ല. എന്നാൽ ഭ്രമി അറുതിയില്ലാത്തതായിരുന്നാൽ ഇവക്കു അസ്തമനമുദയമായി മറയുന്നതിനും പിന്നെ ഉദിച്ചുകാണപ്പെടുന്നതിനും ഇടയില്ല. ഭ്രമിക്കു അറുതിയുണ്ടെങ്കിലും അതു അറുതിയില്ലാത്ത സമുദ്രത്താൽ ചുറ്റിയിരിക്കുന്നു എന്നും കരകൾ വെള്ളത്തിൽ ഇലകൾ പൊങ്ങിക്കിടക്കുന്നതുപോലെ പൊങ്ങിക്കിടക്കുന്നതേയുള്ളു എന്നും ജ്യോതിശ്ശാസ്ത്രം അനുമാനത്തിങ്കൽ ജലത്തിൽതാണിട്ട കീൽവഴിമ്പായി ജലത്തിൽക്കൂടെ സഞ്ചരിച്ചു പിന്നെയും കിഴക്കു ഉദിച്ചു കാണപ്പെടുന്നു എന്നും പക്ഷേ ചിലർ പറയുമായിരിക്കും. എന്നാൽ വെള്ളവും മണ്ണുമെത്തിയാൽ മണ്ണു ഭാരമേറുന്നതാകകൊണ്ടു മണ്ണാലുള്ളകര വെള്ളത്തിൽ ഇലപോലെ പൊങ്ങിക്കിടക്കുന്നതു അസംഭവ്യമാകുന്നു. സമുദ്രത്തിലേ വെള്ളത്തെത്താങ്ങുവാൻ അടിയിൽ കര തന്നേ വേണം. സമുദ്രത്തിൽ ചിലടത്തു ആഴം നന്നാക്കുറ്റം എങ്കിലും. ആഴത്തിനു അറുതിയില്ലാതെ ഒരു സ്ഥലവുമില്ലെന്നു പരീക്ഷിച്ചു അറിയാകുന്നതാകുന്നു. ആകയാൽ സമുദ്രം ഭ്രമിയുടെ

മേൽ ഭാഗത്തു മാത്രം കിടക്കുന്ന വെള്ളമാകയാൽ അതിന്നു ഇതിന്റെ ആതിരാകുവാൻ കഴികയില്ല. ജ്യോതിഷ്കരുടെ ഉദയാസ്തമനങ്ങളും ഉണ്ടാകുന്ന ചക്രവാളം വൃത്താകൃതി ആകയാൽ ഭ്രമിയുടെ രൂപം ചതുരശ്രം അല്ലെന്നു തെളിവാകുന്നു. പിന്നെ അതു കീഴും മേലും പരന്നുള്ള ഒരു ചാട്ടപോലെങ്കിലും അടിയുരുണ്ടും മേൽപരന്നും ഇരിക്കുന്ന ഒരു അർദ്ധഗോളംപോലെങ്കിലും ആയിരിപ്പാനേ പാങ്ങുള്ളൂ. ഇങ്ങനെ ആയിരുന്നാൽ പരന്ന വശത്തുനിന്നു മറുവശത്തേക്കു സ്പഷ്ടമായിക്കാണത്തക്ക ഒരു കതിമ്മയായ തിരിച്ചൽ ഉണ്ടായിരിക്കേണം. എന്നാൽ ഇപ്പോൾ മനുഷ്യർ കരവഴിയും കടലിൽക്കൂടെയും സദാ സഞ്ചരിക്കുന്നുണ്ടു. എങ്കിലും ഇപ്രകാരം ഒരു അതൃത്തി ഇതുവരെ ആരും കണ്ടിട്ടില്ലായ്കയാൽ അപ്രകാരം ഒന്നുണ്ടെന്നു വിചാരിപ്പാൻ സംഗതിയില്ല.

൬. ഭ്രമിയുരുണ്ടല്ല പരന്നായിരുന്നാൽ ആദിത്യചന്ദ്രന്മാർക്കു കിഴക്കുനിന്നു പടിഞ്ഞാറോട്ടുള്ള സഞ്ചാരത്തിങ്കൽ നേരുഭേദം കൊണ്ടും ദിക്കുഭേദം കൊണ്ടും അകല വ്യത്യാസം വരുന്നതിനിടയുണ്ടു. എന്നാൽ അങ്ങനെയുണ്ടാകുന്നില്ല എന്നു നിശ്ചയിക്കുന്നതിന്നു നല്ല ന്യായമുണ്ടു. എന്തെന്നാൽ വസ്തുക്കളുടെ അടുപ്പവും അകലവും പോലെ അവെക്കു കാഴ്ചയിൽ വലിപ്പച്ചെറുപ്പം തോന്നുന്നതാകയാൽ സൂര്യചന്ദ്രന്മാർക്കു നിലഭേദവും ദിക്കുഭേദവും കൊണ്ടു പരിധിയിൽ ഏറക്കുറച്ചിൽ കാണുമാറുള്ളതാകുന്നു. എങ്കിലും ഓരോ ജ്യോതിഷ്കരുടെയും എല്ലാനേരത്തും എല്ലാ സ്ഥലത്തും വലിപ്പത്തിൽ വ്യത്യാസം കൂടാതെ കാണപ്പെടുന്നതുകൊണ്ടു അവെക്കു അകലഭേദമില്ലെന്നു നിശ്ചയിക്കാം. ആകയാൽ അവയെ നാം നിന്നുകാണുന്ന സ്ഥലമായ ഓരോ ഭ്രമി പരന്നല്ല ഉരുണ്ടു തന്നേ എന്നു സ്പഷ്ടമാകുന്നു.

൭. ഭ്രമിയിൽ ഏതെങ്കിലും ഒരു സ്ഥലത്തുനിന്നു തെക്കോട്ടോ വടക്കോട്ടോ പ്രയാണം ചെയ്യാൽ വാനത്തിൽ കാണുന്ന നക്ഷത്രങ്ങളിൽ മൻവശത്തുള്ളവ കുറയശ്ശേ ഉയർന്നുവരികയും പുറവശത്തുള്ളവ അതിൻവണ്ണം താണുപോകയും ചെയ്യുന്നതു കാണാം. വിവരപ്പെടുത്തേണം എങ്കിൽ, കാറുമേഘമില്ലാതെ നല്ല തെളിവായിരിക്കുന്ന ഒരു രാത്രിയിൽ തിരുവനന്തപുരത്തു നക്ഷത്ര മംഗ്ലാവിൽനിന്നു ഒരുത്തൻ നേരേ വടക്കോട്ടു നോക്കിയാൽ ധ്രുവൻ എന്നു പേരായ നക്ഷത്രം ഏകദേശം എട്ടര

